# നീരയുടെ നിയന്ത്രണം എക്സൈസ് വകുപ്പിൽ നിന്ന് ഒഴിവാക്കണം: സ്വതന്ത്ര കർഷക സംഘം

ആലപ്പുഴ: സംസ്ഥാനത്തെ നാളികേര കർഷകരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കാൻ തീരുമാനിച്ച നീര ഉൽപ്പാദനം സംബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാന എക്സൈസ് വകുപ്പിനെ ഏൽപ്പിക്കരുതെന്ന് സ്വതന്ത്ര കർഷക സംഘം ദക്ഷിണ മേഖല കൺവൻഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

നെല്ല് സംഭരണ വില 25 രൂപയാക്കുക, സംഭരണ വില രൊക്കം നൽകുക, പച്ചത്തേങ്ങയുടെ തറവില 26 രൂപയാക്കുക, ഉണ്ടക്കൊപ്ര സംഭരണ വില ക്വിന്റലിന് 7250 രൂപയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഓഫീസുകൾക്ക് മുന്നിൽ സത്യാഗ്രഹ സമരം നടത്താനും യോഗം തീരുമാനിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് സി. ശ്യാംസുന്ദറിന്റെ അധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ പ്രസിഡന്റ് കുറുക്കോളി മൊയ്തീൻ ഉദ്ഘാടനം ചെയ്തു. മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി എ. എം നസീർ, കർഷക സംഘം സംസ്ഥാന ഭാരവാഹികളായ ടി. പി മമ്മു, മൺവിള സൈനുദ്ദീൻ, കെ. യു ബഷീർ ഹാജി, പി. പി മുഹമ്മദ് കുട്ടി, എം. അലി, ജില്ലാ ഭാരവാഹികളായ എൻ. എ ജബ്ബാർ, വാഴയിൽ അബ്ദുല്ല, കരമന മാഹീൻ, എം. എം സാഹിബ്, സി. എ അബ്ദുട്ടി ഹാജി, കെ. എ ഹസൻലാൽ, ഇസ്മയിൽ ഹാജി, പി. എസ് ശംസുദ്ദീൻ, സലിംബാവ, റ്റി. എം. ഹസൻ റാവുത്തർ, ജെ. സുബൈർ, ഹസലുദ്ദീൻ ഹാജി, സാലി കുട്ടനാട് എന്നിവർ സംസാരിച്ചു.

യൂത്ത്‌ലീഗ് സംസ്ഥാന ട്രഷറർ പി. എം ഹനീഫ്, മുസ്‌ലിംലീഗ് സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം മജീദ് പത്തനംതിട്ട എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ച യോഗത്തിൽ പരേതരുടെ മഗ്ഫിറത്തിനു വേണ്ടി പ്രാർത്ഥനയും നടത്തി.




ആലപ്പുഴ സി.എച്ച് മഹല്ലിൽ ചേർന്ന സ്വതന്ത്ര കർഷക സംഘം ദക്ഷിണ മേഖല കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് കുറുക്കോളി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു